സർവ്വേയർമാരുടെ റാങ്ക് ലിസ്റ്റ്

657. [882] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേയർമാരുടെ നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേരെ ഇപ്പോൾ നിയമിച്ചിട്ടുണ്ട് ;

(ബി) പി. എസ്. സി. ലിസ്റ്റിൽ നിന്നും ബാക്കിയുള്ളവരെ നിയമിക്കാതിരിക്കാൻ കാരണം എന്ത് ;

(സി) ഇനിയും സർവ്വേയർമാരുടെ എത്ര ഒഴിവുകളുണ്ട് ?

ഉത്തരം

(എ) പി. എസ്. സി. അഡ്വൈസ് ചെയ്ത 360 ഉദ്യോഗാർത്ഥികളിൽ 170 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്.

(ബി) ഒഴിവുള്ള തസ്തികകൾ തൽക്കാലം നികത്തേണ്ടതില്ലെന്ന് ഗവൺമെൻറ് തീരുമാനിച്ചിരുന്നു. ഇപ്പോൾ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 190 ഒഴിവുകൾ.

നാവായിക്കുളം പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ

658. [883] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിളിമാന്നൂർ മണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും, വീടും ഇല്ലാത്ത എത്ര പട്ടികജാതിക്കാർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

നാവായിക്കുളം പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 660 കുടുംബങ്ങളിൽ 186 പട്ടികജാതി കുടുംബങ്ങളുണ്ട്.

പുളിമാത്ത് പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതികാർ

659. [884] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിളിമാന്നൂർ മണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത എത്ര പട്ടികജാതിക്കാർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പുളിമാത്ത് പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 140 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly